**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 55** **13-10-2026-ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോല വിജ്ഞാപനത്തിന്മേലുള്ള നിർദേശങ്ങൾ**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. ഷിബു തെക്കുംപുറം | ശ്രീ. സണ്ണി ജോസഫ് |
| ശ്രീ. അപു ജോൺ ജോസഫ് | (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ |
| ശ്രീ. വിനു ജോബ് കുഴിമണ്ണിൽ | വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്ത് നിലവിലുള്ള ശക്തമായ പരിസ്ഥിതി നിയമങ്ങൾക്ക് പുറമേ ജനവാസ മേഖലകളിൽ ഇ.എസ്.എ. നിയന്ത്രണങ്ങൾ വരുന്നത് ജനജീവിതത്തെയും കാർഷിക മേഖലയെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ജനവാസമേഖലകളെയും, കൃഷിസ്ഥലങ്ങളെയും, തോട്ടങ്ങളെയും ESA-യിൽ നിന്ന് പൂർണമായും ഒഴിവാക്കുക എന്നത് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള വ്യക്തമായ നയം തന്നെയാണ്. ഇത്തരം പ്രദേശങ്ങൾ ESA -ൽ ഉൾപ്പെടുന്ന പക്ഷം ചില പ്രവർത്തനങ്ങൾക്ക് നിരോധനവും ചിലതിന് നിയന്ത്രണവും ഉണ്ടാകുന്നതാണ്. അതിനാൽ തന്നെയാണ് ESA പരിധിയിൽ നിന്നും ജനവാസമേഖലകളെയും, കൃഷിസ്ഥലങ്ങളെയും, തോട്ടങ്ങളെയും പൂർണമായും ഒഴിവാക്കുന്നതിനുള്ള ആവശ്യം സംസ്ഥാന സർക്കാർ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്.

**(ബി)** കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് ഇ.എസ്.എ. വിജ്ഞാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ആശങ്കകളും നിർദേശങ്ങളും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** സർക്കാർ ഇതിനായി വിവിധ ഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 മുതൽ തന്നെ ജനവാസ മേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ തുടങ്ങിയ സാംസ്കാരിക ഭൂപ്രദേശങ്ങൾ ശാസ്ത്രീയമായി പരിശോധിച്ച് അവ ESA പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 2018-ൽ GIS/ഭൗമശാസ്ത്ര വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് സംസ്ഥാന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. തുടർന്ന് ജില്ലാ തല സമിതി രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായ ശേഖരണം, GIS പരിശോധന, ഫീൽഡ് വെരിഫിക്കേഷൻ എന്നിവ നടത്തി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൻ്റെ പശ്ചിമഘട്ട ESA വിദഗ്ധ സമിതിയുമായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 15-07-2026-ന് പ്രത്യേക യോഗം ചേർന്ന് കേരളത്തിൻ്റെ ആവശ്യങ്ങൾ ബോധ്യപ്പെടുത്തുകയുമുണ്ടായി. ലഭ്യമായ പരിശോധനകളും അഭിപ്രായങ്ങളും പരിഗണിച്ച് പരിഷ്കരിച്ച

സംസ്ഥാന നിർദ്ദേശം 24.09.2026-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്; ഇത് എത്ര ചതുരശ്ര കിലോമീറ്ററായി കുറയ്ക്കണമെന്നാണ് സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026-ലെ ഏഴാമത് കേന്ദ്ര കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകളിലായി 9993.78 ചതുരശ്ര കിലോമീറ്ററാണ് പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 9107 ച.കി.മി വനവും 886.7 ച.കി.മി വനേതരപ്രദേശവുമാണ്. ഇതിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ ആവശ്യമായ വിവരശേഖരണം നടത്തി. പ്രസ്തുത ESA വിസ്തൃതി 98 ഗ്രാമങ്ങളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ പ്രദേശം ഉൾപ്പെടുന്ന രീതിയിലുള്ള പരിഷ്കരിച്ച നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്. അതായത് കരട് വിജ്ഞാപനത്തിലെ ESA വിസ്തൃതിയേക്കാൾ 1403.09 ചതുരശ്ര കിലോമീറ്റർ കുറവാണ് സംസ്ഥാനത്തിന്റെ പരിഷ്കരിച്ച നിർദ്ദേശം.

**(ഡി)** സംസ്ഥാനത്തെ ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവ പരിസ്ഥിതിലോല പ്രദേശങ്ങളിൽനിന്ന് ഒഴിവാക്കണമെന്നത് പ്രസ്തുത നിർദേശങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങളിൽ ജനവാസ മേഖലകൾ, കൃഷ ഭൂമികൾ, തോട്ടങ്ങൾ തുടങ്ങിയവയുടെ സ്വഭാവവും പരിസ്ഥിതിപരമായ പ്രാധാന്യവും കണക്കിലെടുത്ത് ESA-യിൽ അനാവശ്യമായി ഉൾപ്പെടാതിരിക്കണമെന്നത് പ്രധാന പരിഗണനയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വില്ലേജ് തലത്തിലുള്ള GIS പരിശോധന, ഫീൽഡ് വെരിഫിക്കേഷൻ, ജില്ലാ തല പരിശോധന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായ ശേഖരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ദീർഘകാലമായി നിലനിൽക്കുന്ന ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയെ ESA പരിധിയിൽ നിന്ന് ഒഴിവാക്കാനും, ഒരു വില്ലേജിന്റെ ഒരു ഭാഗം മാത്രം ESA-യിൽ ഉൾപ്പെട്ടാൽ മുഴുവൻ വില്ലേജിനും നിയന്ത്രണങ്ങൾ ബാധകമാക്കാതിരിക്കാനും സംസ്ഥാന സർക്കാർ കേന്ദ്രത്തോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, CHR പോലെയുള്ള പ്രത്യേക സംരക്ഷിത മേഖലകൾ, ഉയർന്ന ജനസാന്ദ്രത, ഭൂലഭ്യതയുടെ കുറവ്, വിവിധ നിയന്ത്രണങ്ങൾ മൂലമുള്ള സ്ഥല പരിമിതി എന്നിവ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യങ്ങളായും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**